**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ:04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

## നോട്ടീസ്

നം.ഇ എസ്-5/14675/2025/ആ.വ.ഡ തീയതി: 07-11-2025

വിഷയം: ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോരിറ്റി നമ്പർ-1 ആയി ഉൾപ്പെട്ട Dr. Vipin. P. T-യെ ടി സീനിയോരിറ്റി പട്ടികയിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്തുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

സൂചന :
1. G.O(P) No.69/2010/H&FWD Dated.17.02.2010.
2. Order No.ES-7/581/2021/DHS Dated. 02.06.2021.
3. ORDER NO.EA1/25169/2025/DHS Dated.22.10.2025.
4. GE04/F/1078677/408 AG (A & E) Dated.12.08.2025.

ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2021-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2020 വരെ സർവീസിൽ പ്രവേശിച്ചവരുടെയും പ്രസ്തുത കാലയളവിൽ പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ്) ജനറൽ മെഡിസിൻ വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോറിറ്റി നമ്പർ-1 ആയി ഉൾപ്പെട്ട Dr.Vipin. P. T 27.05.2019-ൽ സർവീസിൽ പ്രവേശിച്ചതായും 30.04.2019-ൽ MD General Medicine യോഗ്യത നേടിയതായും സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ സൂചന 3 പ്രകാരമുള്ള അസിസ്റ്റൻറ് സർജൻ കേഡറിലെ പ്രൊബേഷൻ ഉത്തരവിൽ study purpose-ന് LWA എടുത്തതിനാൽ ടിയാൻ പുനഃപ്രവേശിച്ച തീയതിയായ 28.01.2021 മുതലാണ് പ്രൊബേഷന് കണക്കാക്കിയിട്ടുള്ളത്. കൂടാതെ സൂചന 4 പ്രകാരം ലഭ്യമായ എ ജി (എ & ഇ) നിന്നുള്ള സർവീസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ Date of assumption of charge- 28.01.2021 എന്ന് രേഖപ്പെടുത്തിട്ടുണ്ട്. മേൽ

സാഹചര്യത്തിൽ **2021**-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ ടിയാന് അർഹതയില്ല. അതിനാൽ **Dr.Vipin. P. T**-യെ **2021**-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലികമായി തിരുമാനിച്ചിരിക്കുന്നു.

ടി താൽക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് തീയതി മുതൽ **7** ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗേനയോ, ഇ മെയിൽ **(essectiondhs@gmail.com)** മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആക്ഷേപമില്ലെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by
Reena K J
Date: 07-11-2025 17:51:10
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്
വ്യക്തിക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്
**1.**ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന )
**2.** ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് ( " )
**3.** സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ
**4.** ഫയൽ കരുതൽ ഫയൽ